Draft #1 of File 4517/AC B6/1/2018/AC B 6 Approved by Assistant Registrar on 28-Dec-2018 01:36 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ/ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ നിരീക്ഷണ സമിതിയുടെ യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

AC B 6

നമ്പർ. 287/2018/MGU-ADMINISTRATION  പി. ഡി ഹിൽസ്,തീയതി: 28.12.2018

---

പരാമർശം:-ബിരുദ/ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ നിരീക്ഷണ സമിതിയുടെ 24.12.2018 തീയതിയിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

ബിരുദ/ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ നിരീക്ഷണ സമിതിയുടെ യോഗം 24.12.2018 തീയതിയിൽ കൂടുകയും വിശദമായ ചർച്ചകൾക്കു ശേഷം താഴെ പറയുന്ന ശുപാർശകൾ നടത്തുകയും ചെയ്തു

1. 2018-19 അദ്ധ്യയന വർഷത്തെ അഫിലിയേറ്റഡ് കോളേജുകളിൽ നടത്തപ്പെടുന്നതായ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം 27.09.2018 ന പൂർത്തീകരിക്കുകയും പ്രവേശനം നൽകിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ പരീക്ഷാ വിഭാഗത്തിലേക്ക് കൈമാറുകയും ചെയ്തതിനു ശേഷം പ്രവേശനം നൽകിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ പരിശോധിക്കുന്നതിനായി 'കൺസോളിഡേറ്റഡ് ലിസ്റ്റ് ' ലഭ്യമാക്കിയതിനും ശേഷം ഒന്നാം സെമസ്റ്റർ പരീക്ഷാ രജിസ്ട്രേഷൻ നടത്തേണ്ട സമയമായപ്പോൾ ചില കോളേജുകൾ പ്രവേശനം നൽകിയ ചില വിദ്യാർത്ഥികളുടെ വിവരങ്ങൾ പോർട്ടലിൽ ലഭ്യമല്ല എന്ന് കാണിച്ച് അപേക്ഷ സമർപ്പിച്ചു. ടി അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും ബോധ്യമായ വിവരങ്ങൾ കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ നിരീക്ഷണ സമിതി പരിഗണിക്കുകയും വിശദമായ ചർച്ചകൾക്കുശേഷം താഴെപറയുന്ന ശുപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു

(A). കോട്ടയം എം.ഇ.എസ് ഗോൾഡൻ ജൂബിലി കോളേജിൽ 5 വിദ്യാർത്ഥികളെ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ മാനേജ്മെൻറ് ക്വാട്ടയിൽ പ്രവേശിപ്പിച്ചിരുന്നു.ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്ട്രേഷൻ പൂർത്തീകരിച്ച ശേഷം ടി വിദ്യാർത്ഥികളെ തെറ്റായാണ് ടി പ്രോഗ്രാമിൽ പ്രവേശിപ്പിച്ചതെന്നും ടിയാളുകളെ ബി.കോം കോ-ഓപ്പറേഷനിലാണ് പ്രവേശനം നൽകേണ്ടതെന്നും കാണിച്ച് കോളേജ് പ്രിൻസിപ്പാൾ അപേക്ഷ സമർപ്പിച്ചിരുന്നു. ടി കോളേജ് പ്രിൻസിപ്പളിന് ശക്തമായ താക്കീത് നൽകുന്നതിനും ഒരു വിദ്യാർഥിക്കു 20000/-രൂപ (രൂപ ഇരുപതിനായിരം മാത്രം) നിരക്കിൽ 5 വിദ്യാർത്ഥികൾക്കായി 100000/- രൂപ (രൂപ ഒരു ലക്ഷം മാത്രം) കോളേജ് പ്രിൻസിപ്പാളിൽ നിന്നും ഫൈൻ ഈടാക്കുന്നതിനും പ്രവേശനം ക്രമവത്കരിക്കുന്നതിനും ശുപാർശ ചെയ്യുന്നതിനു തീരുമാനിച്ചു. സർവ്വകലാശാല ചുമത്തിയ ഫൈൻ

വിദ്യാർത്ഥികളിൽ നിന്നും ഈടാക്കാൻ പാടുള്ളതല്ല എന്നും പ്രിൻസിപ്പാളിന് നിർദ്ദേശം നൽകുന്നതിനും ശുപാർശ ചെയ്തു.

(B). കുന്നുകര എം.ഇ.എസ് കോളേജിൽ എം.കോം പ്രോഗ്രാമിൽ മാനേജ്മെൻറ് ക്വാട്ടയിൽ പ്രവേശിപ്പിച്ച ഒരു വിദ്യാർത്ഥിനിയെ ഓൺലൈൻ പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിനു സാധിച്ചില്ല എന്ന് കാണിച്ചുകൊണ്ട് പ്രിൻസിപ്പാൾ അപേക്ഷ സമർപ്പിച്ചിരുന്നു. ടി വിദ്യാർത്ഥിനിയെ മാനേജ്മെൻറ് ക്വാട്ടയിലാണ് പ്രവേശിപ്പിക്കേണ്ടതെന്നതിനാലും പ്രവേശനം റദ്ദായത് ക്ലറിക്കൽ പിഴവാണെന്നു ബോധ്യപ്പെട്ടതിനാലും മുൻ വർഷങ്ങളിൽ ഇത്തരമൊരു സംഭവം ടി കോളേജിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്നുള്ള വസ്തുത കണക്കിലെടുത്തും കോളേജ് പ്രിൻസിപ്പളിന് ശക്തമായ താക്കീത് നൽകുന്നതിനും 25000 രൂപ ഫൈൻ ഈടാക്കുന്നതിനും ടി വിദ്യാർത്ഥിനിയുടെ പ്രവേശനം ക്രമവത്കരിക്കുന്നതിനും ശുപാർശ ചെയ്യുന്നതിനു തീരുമാനിച്ചു. സർവ്വകലാശാല ചുമത്തിയ ഫൈൻ വിദ്യാർത്ഥിനിയിൽ നിന്നും ഈടാക്കാൻ പാടുള്ളതല്ല എന്നും പ്രിൻസിപ്പാളിന് നിർദ്ദേശം നൽകുന്നതിനും ശുപാർശ ചെയ്തു.

2. 2019-20 വർഷത്തെ ബിരുദ - ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ഏകജാലക പ്രവേശനം ഒരേ സമയം തന്നെ ആരംഭിക്കുന്നതിനും സ്പോർട്സ്/കൾച്ചറൽ / വികലാംഗ ക്വാട്ടകളിലേക്കുള്ള പ്രവേശനത്തിനു ഓൺലൈൻ ആയി അപേക്ഷിക്കുന്നതിനും തുടർന്ന് സർവ്വകലാശാല തയ്യാറാക്കി നൽകുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശനം നടത്തുന്നതിനും ശുപാർശ ചെയ്തു.

3. സർവ്വകലാശാലാ പഠന വകുപ്പുകളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം സംബന്ധിച്ച് ചർച്ച നടത്തുന്നതിനായി വകുപ്പ് തലവന്മാരുടെയും അഡ്മിഷൻ ഫസിലിറ്റേഷൻ കമ്മിറ്റിയുടെയും യോഗം 08.02.2019 ന വിളിച്ചു ചേർക്കുന്നതിനു ശുപാർശ ചെയ്തു.

മേൽ ശുപാർശകൾ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10 (17) പ്രകാരം ബഹുമാനപ്പെട്ട വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

BAIJU.N. .

അസിസ്റ്റൻറ് രജിസ്ട്രാർ

പകർപ്പ്

1)പ്രിൻസിപ്പാൾ,എം.ഇ.എസ് ഗോൾഡൻ ജൂബിലി കോളേജ് കോട്ടയം

2)പ്രിൻസിപ്പാൾ,എം.ഇ.എസ് കോളേജ് കുന്നുകര

3)വൈസ് ചാൻസിലറുടെ പി എസ്

4)രജിസ്ട്രാർ ,ഫിനാൻസ് ഓഫിസർ ,പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ

5)അസിസ്റ്റൻറ് രജിസ്ട്രാർ IV (അക്കാദമിക് )

6)ഡെപ്യൂട്ടി രജിസ്ട്രാർ III (അക്കാദമിക് )

Draft #1 of File 4517/AC B6/1/2018/AC B 6 Approved by Assistant Registrar on 28-Dec-2018 01:36 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

7)ജോയിൻറ് രജിസ്ട്രാർ II (ഭരണം )

8)സീറ്റെക്സ്/ ഐ ക്യൂ എ സി /കണ്ടെന്റ് മാനേജ്‌മെന്റ് സെൽ /സിസ്റ്റം മാനേജർ

9)CITAD

10)എസി .ബി VII

11)പരീക്ഷാ വിഭാഗത്തിലെ ബന്ധപ്പെട്ട സെക്ഷൻ

12)ബന്ധപ്പെട്ട അസിസ്റ്റൻറ് രജിസ്ട്രാർ,ഡെപ്യൂട്ടി രജിസ്ട്രാർ,ജോയിൻറ് രജിസ്ട്രാർ(പരീക്ഷാ വിഭാഗം )

13)എ.ഡി.ഡി/ ഓഡിറ്റ് വിംഗ്

14)കരുതൽ ഫയൽ/ഫയൽ പകർപ്പ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 4517/AC B6/1/2018/AC B 6 Approved by Assistant Registrar on 28-Dec-2018 01:36 PM - Page 3